(ഡി) എല്ലാവർക്കും വീടുണ്ടാവുക എന്ന ലക്ഷ്യം എന്നത്തേക്ക് സാക്ഷാൽക്കരിക്കുവാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത് ;

(ഇ) പ്രസ്തുത ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളെടുത്തു വരുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 2001-ലെ ഭവന സെൻസസ് പ്രകാരം ലഭ്യമായ വിവരങ്ങൾ അനുസരിച്ച് സംസ്ഥാനത്ത് 88.23 ലക്ഷം താമസയോഗ്യമായ വീടുകൾ ഉണ്ട്.

(ബി) ശരാശരി 5 പേർക്ക് ഒരു വീടുവീതമുണ്ട്.

(സി) 5.13 ലക്ഷം വീടുകൾ പുതുതായി നിർമ്മിക്കുകയും ജീർണ്ണാവസ്ഥയിലുള്ള 5.33 ലക്ഷം വീടുകൾ പുനരുദ്ധരിക്കുകയും ചെയ്താൽ എല്ലാവർക്കും പാർപ്പിട സൗകര്യമുണ്ടാകും.

(ഡി) മുൻഗണന നൽകി ഈ പ്രശ്നം പരിഹരിക്കുന്നതിന് സർക്കാർ ശ്രമിച്ചുവരികയാണ്.

(ഇ) സംസ്ഥാത്ത് ഭവന നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ ഏജൻസികളും ടി ലക്ഷ്യം കൈവരിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഭവന നിർമ്മാണ ബോർഡ് നടപ്പ് വർഷം 44581 വീടുകൾക്ക് വായ്പാ സഹായം നൽകുന്നതിന് പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പാക്കി വരികയാണ്.

പുതിയ ഭവന നിർമ്മാണ പദ്ധതികൾ

44 (2802) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ ഭവന നിർമ്മാണ പദ്ധതികൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ ഏതെല്ലാം ; അവ എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ ഭൂരഹിതരും ഭവനരഹിതരുമായ ദുർബല വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി വാങ്ങി വീട് വെയ്ക്കുന്നതിന് ഒരു പുതിയ വായ്പാ പദ്ധതി സംസ്ഥാന ഭവന നിർമ്മാണ ബോർഡ് വഴി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതനുസരിച്ച് നഗര പ്രദേശങ്ങളിൽ സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 50,000 രൂപയും ഗ്രാമപ്രദേശങ്ങളിൽ 40,000 രൂപയുമാണ് നൽകാനുദ്ദേശിക്കുന്നത്. ഇതിൽ 9,000 രൂപ സർക്കാർ സബ്സിഡി

LIBRARY ARCHIVES Kerala Legislative Assembly

ആയിരിക്കും. കൂടാതെ ഫിഷറീസ് മേഖലയിലെ സമഗ്ര വികസനത്തിന്റെ ഭാഗമായി 200 കോടി രൂപ മുതൽ മുടക്കുള്ള ഭവന നിർമ്മാണ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനാവശ്യമായ ഫണ്ട് ലഭിച്ചു കഴിഞ്ഞാൽ 40,000 വീടുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) ഇപ്പോൾ നിലവിലുള്ളത് താഴെ പറയുന്ന പദ്ധതികളാണ്.

(എ) ഹൗസിംഗ് ബോർഡ് : മൈത്രീ ഭവന നിർമ്മാണ പദ്ധതി പ്രകാരം കരാർ വെച്ച കേസുകളിൽ ഒന്നും രണ്ടും ഗഡുക്കൾ വിതരണം ചെയ്തു വരുന്നു. പുതിയ വായ്പകൾ അനുവദിക്കുന്നില്ല.

(ബി) ഫിഷറീസ് വകുപ്പ് : ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഫണ്ട് (50% സി.എസ്.എസ്) ഉപയോഗിച്ചുള്ള ഭവന നിർമ്മാണ ധന സഹായ പദ്ധതിയാണ് ഇപ്പോൾ നടപ്പിലാക്കുന്നത്. 40,000 രൂപ പണിയുടെ പുരോഗതി അനുസരിച്ച് നാല് ഗഡുക്കളായി അനുവദിച്ചു തരുന്ന പദ്ധതി വർഷംതോറും ഉള്ള കേന്ദ്ര സഹായം അനുസരിച്ചാണ് നടപ്പിലാക്കുന്നത്. പണി ആറുമാസത്തിനകം പൂർത്തിയാക്കണമെന്നാണ് വ്യവസ്ഥ.

(സി) പട്ടികവർഗ്ഗ വികസന വകുപ്പ് : വാസയോഗ്യമായ വീടില്ലാത്തവർക്കും വീട് നിർമ്മിക്കാൻ അനുയോജ്യമായ ഭൂമിയുള്ളവരുമായ പട്ടികവർഗ്ഗക്കാർക്കുള്ള ഭവന നിർമ്മാണ പദ്ധതി ഒരു തുടർ പദ്ധതിയാണ്.

(ഡി) കുടുംബശ്രീ: നഗരപ്രദേശത്ത് ചേരികളിൽ താമസിക്കുന്ന ദരിദ്ര കുടുംബങ്ങൾക്ക് വീട്നൽകുന്നതിന് കേന്ദ്ര സർക്കാർ നടപ്പിലാക്കി വരുന്ന വാല്മീകി അംബേദ്കർ ആവാസ് യോജന (വാംയേ) യാണ് കുടുംബശ്രീയിലൂടെ നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതി. 2001-2002-ൽ ആരംഭിച്ച ഈ പദ്ധതി പത്താം പഞ്ചവൽസര പദ്ധതിക്കാലം മുഴുവനും ഉണ്ടാകും.

(ഇ) പൊതുമരാമത്ത് വകുപ്പ് : പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ കീഴിൽ ഗവൺമെന്റ് എംപ്ലോയീസ് ക്വാർട്ടേഴ്സ്, വർക്കിംഗ് മെൻസ്/ വിമൻസ് ഹോസ്റ്റൽ, സീനിയർ ഗവ: ഓഫീസേഴ്സ് ക്വാർട്ടേഴ്സ്, ജൂഡീഷ്യൽ ഓഫീസേഴ്സ് ക്വാർട്ടേഴ്സ് എന്നീ പദ്ധതികളാണ് നിലവിലുള്ളത്. ഇതിൽ ഒന്നാമത്തെ പദ്ധതി പ്രകാരം ഇടുക്കി ജില്ലയിലെ ചില ക്വാർട്ടേഴ്സ് കെട്ടിടങ്ങളുടെ പണികളും 2-ാമത്തെ പദ്ധതി പ്രകാരം കൽപ്പറ്റ ബാച്ചിലേഴ്സ് ഹോസ്റ്റലിന്റെ നിർമ്മാണവും 3-ാമത്തെ പദ്ധതി പ്രകാരം പത്തനംതിട്ട ജില്ലാ കളക്ടർക്കുള്ള ക്വാർട്ടേഴ്സിന്റെ പണിയും 4-ാമത്തെ പദ്ധതി പ്രകാരം ഏറ്റുമാനൂർ ജുഡീഷ്യൽ

LIBRARY ARCHIVES Kerala Legislative Assembly

ഓഫീസേഴ്സ് ക്വാർട്ടേഴ്സിന്റെ പണികളും നടന്നുകൊണ്ടിരിക്കുന്നു. ഈ നിർമ്മാണജോലികൾ എല്ലാംതന്നെ നടപ്പുവർഷം തന്നെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(എഫ്) കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ: ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന പദ്ധതികളാണ് പുതിയ അംബേദ്കർ ഭവന നിർമ്മാണ പദ്ധതിയും, ഇൻകം ജനറേഷൻ ലിങ്ക്സ് ഭവന നിർമ്മാണ പദ്ധതിയും. ഈ പദ്ധതികൾ നടപ്പുവർഷം പൂർത്തിയാക്കുന്നതാണ്.

(ജി) പട്ടികജാതി വികസന വകുപ്പ്: 2002-2003 സാമ്പത്തികവർഷം മുതൽ 70,000 രൂപ നിരക്കിൽ ഭവന നിർമ്മാണ ധനസഹായം നൽകിവരുന്നു. മുൻവർഷങ്ങളിൽ തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് 35,000 രൂപ നിരക്കിലും ധനസഹായം അനുവദിച്ചിട്ടുണ്ട്. പലിശ രഹിത ഭവന നിർമ്മാണ വായ്പ പദ്ധതി പ്രകാരം 1,00,000 രൂപ വരെ പലിശ രഹിത വായ്പയായി നൽകിവരുന്നു. ഈ പദ്ധതികൾ ഈ സാമ്പത്തിക വർഷത്തോടെ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

മൈത്രീ ഭവന നിർമ്മാണ പദ്ധതി

45 (2803) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൈത്രീ ഭവന നിർമ്മാണ പദ്ധതി പ്രകാരം കുഴൽമന്ദം മണ്ഡലത്തിൽപ്പെട്ട കുഴൽമന്ദം കുത്തന്നൂർ, തേങ്കുറിശ്ശി, പെരിങ്ങോട്ടുകുറിശ്ശി, തരൂർ, കണ്ണാടി മാത്തൂർ, കോട്ടായി എരിമയൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ഗുണഭോക്തൃ വിഹിതമായി ഓരോ പഞ്ചായത്തിൽ നിന്നും എത്ര അപേക്ഷകർ 1999-2000, 2000-2001, 2001-2002, 2002-2003 എന്നീ വർഷങ്ങളിൽ എത്ര തുക വീതം കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിൽ ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

(ബി) അതിൽ എത്ര അപേക്ഷകർക്ക് മൈത്രീ ഭവന നിർമ്മാണ പദ്ധതി പ്രകാരം തുക അനുവദിച്ചിട്ടുണ്ട് ;

(സി) കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിൽ തുക ഡിപ്പോസിറ്റ് ചെയ്ത മുഴുവൻ അപേക്ഷകരെയും മൈത്രീ ഭവന നിർമ്മാണ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ഉൾപ്പെടുത്താതിരിക്കാൻ എന്താണ് കാരണം എന്ന് വ്യക്തമാക്കുമോ ;

(ഡി) കുഴൽമന്ദം മണ്ഡലത്തിൽപ്പെട്ട ഗ്രാപഞ്ചായത്തുകളിൽ നിന്നുള്ള മൈത്രീ നിർമ്മാണത്തിനുള്ള അപേക്ഷയിൻമേൽ അടിയന്തിര തീർപ്പ് കൽപ്പിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly